I ഇ.ബി. XV- കേരള നിയമസഭ/XI-3

**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

10(*61) പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, പെരിയാറിൽ മത്സ്യങ്ങൾ ചത്തു പൊങ്ങിയ സംഭവത്തെ തുടർന്ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ നടത്തിയ സ്ഥലം സന്ദർശനത്തിന്റെയും കുഫോസ് ശേഖരിച്ച സാമ്പിൾ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജലം മലിനപ്പെട്ടതുമൂലം മത്സ്യകർഷകർക്കും/ മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കുമുണ്ടായ സാമ്പത്തിക നഷ്ടത്തിന്മേൽ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി

നടപടി സ്വീകരിക്കുന്നതിനും ടി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. പുഴയിലെ മത്സ്യ സമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ടി പുഴയെ ആശ്രയിച്ച് ജീവിക്കുന്ന 2306 സജീവ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രതിമാസം 350 രൂപ നിരക്കിൽ 605.325 ലക്ഷം രൂപയും 518 അനുബന്ധ മത്സ്യതൊഴിലാളികൾക്കായി പ്രതിമാസം 300 രൂപ നിരക്കിൽ 46.62 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 651.945 ലക്ഷം രൂപയാണ് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവന പിന്തുണയ്ക്കായി നൽകുന്നതിന് കണക്കാക്കിയിട്ടുള്ളത്. പ്രാഥമിക കണക്കുകൾപ്രകാരം വിവിധതരം മത്സ്യകൃഷിക്ക് 703.6628 ലക്ഷം രൂപയുടെയും മത്സ്യകർഷകർ/മത്സ്യത്തൊഴിലാളികൾ/അനുബന്ധ മത്സ്യത്തൊഴിലാളികൾ എന്നിവർക്കായി ആകെ 1355.60780 ലക്ഷം രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കമ്പനികളുടെ Effluent Treatment Plant (ETP)-കളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് കുഫോസ്, ഫിഷറീസ്/ഇറിഗേഷൻ വകുപ്പുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ ഏകോപനത്തിൽ ജില്ലാ കളക്ടർ ചെയർമാനായി മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതാണെന്നും പെരിയാറിലെ ആവാസ

വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനായി മത്സ്യ വിത്ത് നിക്ഷേപ പദ്ധതി, മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കൽ, സ്വാഭാവിക പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവയുടെ പ്രായോഗികത പരിശോധിക്കുന്നതാണെന്നും തരിശ്ശായി കിടക്കുന്ന പൊക്കാളി, കോൾ, കൈപ്പാട് നിലങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജ് തുറക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് പ്രോട്ടോക്കോൾ തയ്യാറാക്കുമെന്നും ഇതിനായി ഇറിഗേഷൻ/ഫിഷറീസ് വകുപ്പുകൾ, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം ഉറപ്പുവരുത്തുമെന്നും ഗ്രീൻ ട്രിബ്യൂണൽ/സുപ്രീം കോടതി നിർദ്ദേശങ്ങളിൽ നടപ്പാക്കാൻ ശേഷിക്കുന്നവ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഉന്നതതല യോഗം ചേരുമെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി അറിയിച്ചു.

11(*62) <u>ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ

മറുപടിയിൽ, ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി അവരുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും വിദ്യാഭ്യാസം, സാമ്പത്തികം, ആധുനിക ചികിത്സാ സംവിധാനം, ഭൗതിക ആസ്തി എന്നിവ ലഭ്യമാക്കിയതിലൂടെ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സിക്കിൾസെൽ അനീമിയ രോഗികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 2,500/- രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. ഗർഭിണികൾക്കും നവജാതശിശുക്കൾക്കും ആരോഗ്യ പരിചരണം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ, പട്ടികവർഗ്ഗ, വനിത ശിശുവികസന വകുപ്പുകളുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവ് നടപ്പാക്കി. തൽഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി നൽകുന്ന നടപടി തിരുവനന്തപുരം ജില്ലയിൽ പൂർത്തിയായെന്നും മറ്റ് ജില്ലകളിൽ നടപടികൾ പുരോഗമിക്കുകയാണെന്നും വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ആദിവാസി മേഖലയിൽ റോഡുകൾ നിർമ്മിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ആറളം ആദിവാസി ഫാമിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് മാസ്റ്റർപ്ലാൻ

തയ്യാറാക്കുകയും ആറളം കേന്ദ്രീകരിച്ചുകൊണ്ട് അഗ്രികൾച്ചറൽ-ഫിഷറീസ്-വെറ്ററിനറി സർവ്വകലാശാലകളുമായി ചേർന്ന് ഈ അധ്യയന വർഷം ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1119 കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ടെന്നും 'ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ', 'കാറ്റാടി' എന്നീ പദ്ധതികൾ സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതാണെന്നും 'വികസനോത്സവം' പദ്ധതി നടപ്പിലാക്കിയും ബോധവൽക്കരണത്തിലൂടെയും കുട്ടികളിലെ ലഹരി ഉപയോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12(*63) ട്രോളിംഗ് നിരോധനം

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ തുടർച്ചയായി കടൽ പട്രോളിംഗ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും വിവരങ്ങൾ

റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ട്രോളിംഗ് നിരോധന കാലയളവിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പോലീസുകാരുടെ സേവനം ആവശ്യമായി വന്നാൽ ജില്ലാ ഫിഷറീസ് ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങളിൽ ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവർ ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകുകയും അടിയന്തര സാഹചര്യത്തിൽ രക്ഷാപ്രവർത്തനത്തിന് സജ്ജരായിരിക്കണമെന്ന് നേവി, കോസ്റ്റ് ഗാർഡ് എന്നീ സുരക്ഷാ ഏജൻസികളോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിലായി 19 ബോട്ടുകൾ വാടകയ്ക്കെടുക്കുന്നതിനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയാക്കിയ 88 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷാ സേനാംഗങ്ങളായി നിയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കുകയും 15 പ്രധാനപ്പെട്ട ഹാർബറുകളിലായി 100

ലൈഫ് ഗാർഡുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഹാർബറുകളിലും ലാൻഡിംഗ് സെൻററുകളിലും പ്രവർത്തിക്കുന്ന ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകുകയും ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിന് അതത് ജില്ലകളിലെ മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ തുറന്ന് പ്രവർത്തിക്കാൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. കടൽ/തീര സുരക്ഷയുടെ ഭാഗമായി കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികളും ആധാർ കാർഡ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ എന്നിവ കരുതിയിട്ടുണ്ടെന്ന് യാനമുടമകൾ ഉറപ്പാക്കണമെന്നും ഏകീകൃത കളർ കോഡിംഗ് നടത്തിയിട്ടില്ലാത്ത ബോട്ടുകൾ അടിയന്തരമായി കളർ കോഡിംഗ് നടത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 09-06-2024 വൈകുന്നേരം തന്നെ ട്രോളിംഗ് ബോട്ടുകൾ എല്ലാം കടലിൽനിന്നും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് മറൈൻ എൻഫോഴ്സമെന്റും കോസ്റ്റൽ പോലീസും ഉറപ്പാക്കേണ്ടതാണെന്നും ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കുന്നുള്ളൂവെന്ന് മറൈൻ എൻഫോഴ്സ്മെന്റ് ഉറപ്പാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതിനുപുറമെ ട്രോളിംഗ് നിരോധനം ലംഘിക്കുന്ന ട്രോൾ ബോട്ടുകൾക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കാൻ

തീരദേശ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യ/അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ/അനുബന്ധത്തൊഴിലാളികൾക്ക് 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ ട്രോൾ ബോട്ടുകൾക്ക് മാത്രമാണ് മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. മത്സ്യബന്ധന മേഖലയിൽ ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

13(*64) <u>ഗോത്ര സമൂഹത്തിനായുള്ള വികസന പദ്ധതികൾ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ

നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇടമലക്കുടിയുടെ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി ദേവികുളം എം.എൽ.എ. രക്ഷാധികാരിയും ദേവികുളം സബ് കളക്ടർ ചെയർമാനും അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ കൺവീനറും ആയി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളിൽ പൊതുമരാമത്ത്, വനം-വന്യജീവി, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം, ജലവിഭവം, വനിത-ശിശു വികസനം, വൈദ്യുതി എന്നീ വകുപ്പുകൾക്കുപുറമെ ബി.എസ്.എൻ.എൽ.-ന്റെയും പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇടമലക്കുടി ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തിയിട്ടുണ്ടെന്നും വന്യമൃഗശല്യം ഒഴിവാക്കി യാത്രാ സൗകര്യവും പഠന സൗകര്യങ്ങളും കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ഇടമലക്കുടിയിൽ പഞ്ചായത്തിന്റെ ഹെഡ് ഓഫീസ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.